LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ എൽ. പി./യു. പി. അസിസ്റ്റന്റ് ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾ

54 [2484] *ശ്രീ. പി. ടി. തോമസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ നടന്ന കണ്ണൂർ ജില്ലയിലെ പി.എസ്.സി., എൽ.പി./യു.പി. അസിസ്റ്റന്റ് ടെസ്റ്റിലെ റാങ്ക് ലിസ്റ്റിൽ 214-ാം നമ്പരായ മേരിക്കുട്ടി വർഗ്ഗീസിന് നിയമനം ലഭിക്കാൻ താമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(ബി) ഈ ലിസ്റ്റിൽ ആകെ എത്രപേരുണ്ട്;

(സി) ഇതുവരെ എത്രപേർക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നൽകി;

(ഡി) ഇപ്പോൾ ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റിന്റെ എത്ര വേക്കൻസികൾ ഉണ്ട്;

(ഇ) ശ്രീമതി മേരിക്കുട്ടി വർഗ്ഗീസിന് നിയമനം എന്ന് ലഭിക്കുമെന്ന് പറയാമോ?

ഉത്തരം

(എ) ശ്രീമതി മേരിക്കുട്ടി വർഗ്ഗീസിന്റെ ഊഴം വരാത്തതുകൊണ്ടാണ് നിയമനം ലഭിക്കാൻ താമസം നേരിടുന്നത്. മെയിൻ റാങ്ക് ലിസ്റ്റിൽ നിന്നും 148 പേരെ മാത്രമേ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുള്ളൂ.

(ബി) ഈ ലിസ്റ്റിൽ ആകെ 901 പേരുണ്ട്.

(സി) എസ്.സി./എസ്.ടി., ഒ.ബി.സി. തുടങ്ങിയ എല്ലാ വിഭാഗങ്ങളിലും കൂടി 251 പേർക്ക് നിയമനം നൽകി.

(ഡി) 7 വേക്കൻസികളുണ്ട്. (ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്).

(ഇ) ശ്രീമതി മേരിക്കുട്ടി വർഗ്ഗീസിന് എന്ന് നിയമനം ലഭിക്കുമെന്ന് കൃത്യമായി പറയാൻ കഴിയുകയില്ല. ശ്രീമതി മേരിക്കുട്ടി വർഗ്ഗീസിന്റെ ഊഴം എത്തുന്നതനുസരിച്ച് നിയമനം നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റുമാരുടെ നിയമനം

55 [2485] *ശ്രീ. എം. കുമാരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ലാസ്റ്റ്ഗ്രേഡ് സർവന്റുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനായി ഒഴിവുകളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യാത്ത സ്ഥാപനമേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അടിയന്തിര നിർദ്ദേശം നൽകുമോ;